ഏ. സി. അന്തിക്കാട്

T62
A87

T62
An87

T62
An87

ബാല പ്രസിദ്ധീകരണം,
ഇരിങ്ങാലക്കുട.
No. 8

★

# അസ്സീസിയിലെ കിറുക്കൻ

(പ്രഹസനം)

DHARMARAM COLLEGE LIBRARY, BANGALORE.
19823
T62
An87

★

എ. സി. അന്തിക്കാട്ട്

വില: 25 ന.പ.

*First Impression June 1959*
COPIES ONE THOUSAND
*Rights Reserved*

CUM PERMISSU SUPERIORUM.

*Printed by*

A. P. GEORGE, B. A.

*at the*

Royal Printing Works, Irinjalakuda.

# പ്രസ്താവന.

ഈ ചെറു പ്രഹസനം, "അസ്സീസിയിലെ കിറുക്കൻ", കുട്ടികൾക്കുവേണ്ടി രചിച്ചിട്ടുള്ളതാണ്. വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവചരിത്രമാണ് വിഷയം. ത്യാഗജീവിതത്തിൻെറ സൌന്ദര്യവും ലൌകിക വ്യാമോഹങ്ങളുടെ വ്യർത്ഥതയും മനസ്സിലാക്കുവാൻ ഈ കൊച്ചു പ്രഹസനം ബാലികാ ബാലന്മാരെ സഹായിക്കുമെന്നാണ് പ്രതീക്ഷ.

ഇരിങ്ങാലക്കുടയിൽ ആരംഭിച്ചിരിയ്ക്കുന്ന ബാല പ്രസിദ്ധീകരണത്തിന്നു വിജയങ്ങൾ നേരുന്നു. ബാലികാബാലന്മാരുടെ സ്വഭാവശുദ്ധിയും സംസ്ക്കാരവും ഉന്നംവെച്ചു പ്രവത്തിക്കുന്ന ബാല പ്രസിദ്ധീകരണം ഉത്തരോത്തരം പുരോഗതി പ്രാപിക്കട്ടെ.

എ. സി. അന്തിക്കാട്ട്.

## ഞങ്ങളുടെ ചില നല്ലപുസ്തകങ്ങൾ

---*---

1. ഒരാൾമാത്രം പരാജയപ്പെട്ടു (നാടകം)

   ചെമ്പിൽ കെ. എം. ജോൺ

2. വെള്ളപ്രാവ് (ചെറുകഥകൾ)

   എൻ. പി. സാമുവൽ.

3. പൊന്നാരമോൾ (ചെറുകഥകൾ)

   ജെയിംസ് കെ. സി. മണിമല.

4. ഈശോയുടെ കുഞ്ഞുസ്നേഹിതർ

5. മിഷനിലേക്ക് (പ്രഹസനം)

6. തലതെറിച്ച സന്തതികൾ (നാടകം)

   (ജോർജ്ജ് നെല്ലായി)

7. ലൂർദ്ദിലെ അത്ഭുതങ്ങൾ

   (ജി. സി. ടീലാർ.)

8 വീരബാല കഥകൾ

   (മാത്യു ഉലകംതറ)

9. പണക്കൊതിയൻ

   (ജോയി, മുട്ടാർ)

---

**ബാലപ്രസിദ്ധീകരണം, ഇരിങ്ങാലക്കുട.**

# അസ്സീസിയിലെ കിറുക്കൻ

—*—

## രംഗം ഒന്നു്

[സ്ഥലം: ഭദ്രാസന ദേവാലയത്തിൻെറമുററം. നാലഞ്ചു വികൃതിക്കുട്ടികൾ നാടൻ പാട്ടുപാടി ഒരു വീഞ്ഞുവീപ്പ ഉരുട്ടിക്കൊണ്ടുവരുന്നു. സ്റ്റേജിൻെറ ഒരു ഭാഗത്തുനിന്നു് ആഡ്റിയൻ ഓടിവരുന്നു.]

ആഡ്റിയൻ: എന്താണിതെല്ലാം? നിങ്ങൾക്കെല്ലാം കിറുക്കു് പിടിച്ചോ?

പോൾ: ഫ്രാൻസീസിനെ അവർ കണ്ടുപിടിച്ചു. അവർ അവനെ കൊണ്ടുവരുന്നുണ്ടു്. അവനെക്കൊണ്ടു് പാടിക്കണം; പ്രസംഗിപ്പിക്കണം; അവൻെറ ജീവിതമാററത്തിന്നുള്ള ഒരു വിശദീകരണം നമ്മുടെ മുമ്പിൽ വെക്കണം അവൻ.

ആഞ്ചലോ: ഉം അവൻെറ സന്യാസം! അതവസാനിപ്പിക്കണം. അവനു് ഈ സന്യാസഭ്രാന്തു് പിടിക്കുന്നതിനുമുമ്പു് പാടിയിരുന്നതുപോലെ, അവൻ ഇനിയും പാടണം.

(വീപ്പനിവർത്തിവെക്കുന്നു.)

ആഡ്റിയൻ: അവർ ഇതാ എത്തിക്കഴിഞ്ഞു.

(ഫ്രാൻസീസും കുറെ യുവാക്കന്മാരും ചിരിച്ചുല്ലസിച്ചു കൊണ്ടു് പ്രവേശിക്കുന്നു.)

എല്ലാവരും: വരൂ! ഫ്രാൻസീസെ!! വരൂ.

ഫ്റാൻസീസ്: (വീഞ്ഞുവീപ്പ നോക്കി ചിരിച്ചു കൊണ്ടു്) നിങ്ങൾ നല്ല ചങ്ങാതിമാരാണു്. വീഞ്ഞുവീപ്പയ്ക്കുചുററും കൂടുമ്പോൾ അസ്സീസിയിലെ യുവാക്കന്മാർക്കു് ഉല്ലാസം കൂടുതലാണു്.

എല്ലാവരും: ഫ്രാൻസീസ് പ്രസംഗിക്കണം; പാടണം.

ആഞ്ചലോ: പ്രസംഗപീഠം ഇതാ.

പോൾ: വരൂ ഫ്റാൻസീസ്. വീഞ്ഞുവീപ്പ കണ്ടാൽ ലജ്ജ തോന്നുന്ന പതിവുണ്ടായിരുന്നില്ലല്ലോ. വരൂ!

(ഫ്റാൻസീസ് വീപ്പയുടെ മുകളിൽ കയറിനില്ക്കുന്നു.)

എല്ലാവരും: (കൈയടിക്കുന്നു.)

ഫിലിപ്പു്: പഴയ പാട്ടുകളിൽ ഒന്നു രണ്ടെണ്ണം പാടുക. വേണമെങ്കിൽ വീഞ്ഞു് കാലിനു താഴെയുണ്ടല്ലൊ.

ഫ്റാൻസീസ്: വേണ്ട സ്നേഹിതാ; എനിക്കു് വീഞ്ഞു വേണ്ട ........ഞാൻ പാടാം. നിങ്ങൾ, ഒന്നിച്ചു പാടണം.

ആഡ്റിയൻ: അതിനു മുമ്പു് ഒരു കാര്യം പറയണം. നീ എന്തുകൊണ്ടാണു് ഞങ്ങളെയെല്ലാം ഉപേക്ഷിച്ചതു്? എന്തിനാണു് ആ പള്ളിയുടെ സമീപെ സന്യാസിയായി കഴിഞ്ഞുകൂടുന്നതു്?

ഫ്റാൻസീസ്: അതിനെപ്പററി ഞാൻ പിന്നെ പറയാം. ഇപ്പോൾ നമുക്കു് ഒന്നിച്ചു പാടുക. (എല്ലാവരും പാടുന്നു)

ഫ്റാൻസീസ്: (ഉല്ലാസത്തോടെ) ശബ്ദം പോരാ! കൂടുതൽ ഉച്ചത്തിൽ!! പട്ടണം മുഴുവനും നമ്മുടെ പാട്ട് കേൾക്കണം.

(കൂടുതൽ ശബ്ദത്തിൽ എല്ലാവരും പാടുന്നു)

എല്ലാവരും: നമ്മുടെ പഴയ ഫ്റാൻസീസ് തന്നെ മടങ്ങിവന്നിരിക്കുന്നു.

ഫ്റാൻസീസ്: (ശാന്തസ്വരത്തിൽ) അല്ല. പഴയ ഫ്റാൻസീസല്ല. പുതിയ ഫ്റാൻസീസ്.

പോൾ: ഓ! ഫ്റാൻസീസ്, നിനക്കു എന്തു സംഭവിച്ചു? ഞങ്ങളോട് പറയുക.

എല്ലാവരും: പറയണം; ഞങ്ങളോടു പറയണം.

ഫ്റാൻസീസ്: ഞാൻ പറയാം. എൻെറ കഥ ഞാൻ പറയാം. അതു് ഈ പാട്ടിനേക്കാളും ഈ വീഞ്ഞിനേക്കാളും എനിക്കു് കൂടുതൽ ഇമ്പമുണ്ടാക്കുന്നു.

ആഡ്റിയൻ: ആ കഥ പറയണം. വേഗം പറയണം.

ഫ്റാൻസീസ്: ശാന്തമായ ഒരു രാത്രിയിൽ ഞാൻ ഒരു ശബ്ദം ശ്രവിച്ചു. "ഫ്റാൻസീസ്, നീ യജമാനനേയോ ഭൃത്യനേയോ ആരെയാണ് ശുശ്രൂഷിക്കാൻ ഉദ്ദേശിക്കുന്നതു്?" ഞാൻ പറഞ്ഞു "യജമാനനെ സേവിക്കുന്നതാണ് കൂടുതൽ നല്ലതു്". ആ ശബ്ദം വീണ്ടും പറഞ്ഞു: "എന്നാൽ നീ എന്തുകൊണ്ടു ഭൃത്യനെ യജമാനനാക്കുന്നു.?"

(ഒരു മുടന്തൻ പ്രവേശിക്കുന്നു.)

മുടന്തൻ: വല്ലതും തരണേ. എനിക്കു ജോലി ചെയ്യുവാൻ നിവൃത്തിയില്ല.

ആഡ്റിയൻ: പോടടാ, തൻെറ പാട്ട് നോക്കി. "വല്ലതും തരണെ!! വല്ലതും തരണെ". ഉം പോകാനല്ലെ പറഞ്ഞതു്.

(ഫ്റാൻസീസ് വീപ്പമേൽ നിന്നു് ഇറങ്ങി, യാചകനെ സമീപിച്ചു്, കീശയിലുള്ള നാണയങ്ങൾ എല്ലാം കൊടുക്കുന്നു.)

മുടന്തൻ: നീ നല്ല കുട്ടി. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

(ഫ്റാൻസീസ് യാചകനെ ആശ്ലേഷിക്കുന്നു).

പോൾ: (ദേഷ്യത്തോടെ) ഫ്റാൻസീസ്, എന്താണിതു്? നിൻെറ പിതാവിൻെറ സ്വത്തെല്ലാം നീ ധൂർത്തടിക്കുകയാണു്. ഈ കുഷ്ഠരോഗികളുടെ കൂടെയുള്ള നിൻെറ ഇടപെടൽ നിറുത്തണം. അല്ലെങ്കിൽ നിൻെറ അപ്പൻ നിന്നെ തല്ലിക്കൊല്ലും.

ഫ്റാൻസീസ്: ഒരു പക്ഷെ, ആ യാചകൻ കർത്താവായിരുന്നിരിക്കാം. ആ സാധുമനുഷ്യൻെറ കൈകളിൽ ചുവന്ന മുറിവു് കണ്ടതുപോലെ തോന്നി.

ആഡ്റിയൻ: ച്ഛീ! തോന്നലുകൾ!!— ഇനി, അതെല്ലാം പോകട്ടെ. ഫ്റാൻസീസിൻെറ കഥ തുടരുക.

ഫിലിപ്പ്: ആ സ്വപ്നത്തിനുശേഷം എന്തുണ്ടായി?

ഫ്റാൻസീസ്: പിന്നെ എന്തുണ്ടായെന്നോ? ഒരു ദിവസം കുരിശിൽ കിടന്നു് ഈശോ എന്നോടു് സംസാരിച്ചതായി തോന്നി. അവിടുന്നു് ദരിദ്രനേയും നഗ്നനേയും, നമ്മൾ എപ്പോഴും കാണുന്ന സാധുക്കളേയും പോലെ ആയിരുന്നു. പെട്ടെന്നു് എനിക്കു ഒരു ആന്തരിക പ്രകാശമുണ്ടായി. ദരിദ്രനാകുവാൻ എനിക്കു ആഗ്രഹമുണ്ടായി. കൂടുതൽ ദരിദ്രനായാൽ എനിക്കു് കർത്താവിൻെറ അടുക്കലേക്കു് കൂടുതൽ അടുക്കാം. അതുകൊണ്ടാണു് ഞാൻ നിങ്ങളെയെല്ലാം ഉപേക്ഷിച്ചു് ദരിദ്രനായി ജീവിക്കുന്നതു്. ("കിറുക്കു്; ഉച്ചഭ്രാന്തു്; ഹിസ്റ്റീരിയ" എന്നു് പറഞ്ഞു് ഓരോരുത്തർ സ്ഥലം വിടുന്നു. ആഞ്ചലോയും ഫ്റാൻസീസും മാത്രം നില്ക്കുന്നു.)

ആഞ്ചലോ: ഇനി പ്രസംഗം മതിയാക്കുക.

ഫ്റാൻസീസ്: എന്താ, ആഞ്ചലോ, പ്രസംഗപീഠം ഉണ്ടാക്കി തന്നതു് നീയല്ലേ; പിന്നെ ഞാൻ പ്രസംഗിക്കുമ്പോൾ എന്തുകൊണ്ടാണു് ഇഷ്ടമില്ലാത്തതു്?

ആഞ്ചലോ: ഇതാ! ഫ്റാൻസീസിന്റെ അപ്പൻ. അദ്ദേഹം നിന്റെ തലമണ്ട തല്ലിത്തകർത്തു് ഈ ഭ്രാന്തെല്ലാം അവസാനിപ്പിക്കുമെന്നു് തോന്നുന്നു.

(വീപ്പയുടെ പിന്നിൽ ഒളിച്ചിരിക്കുന്നു)

(പീറ്റർ ബർണർഡോൺ ദ്വേഷ്യത്തോടെ പ്രവേശിക്കുന്നു. കൈയ്യിൽ ഒരു ചാട്ടയും കുറെ കടലാസ്സുകളും ഉണ്ടു്.)

പീറ്റർ: ഹാ! നീ ഇവിടെയാണല്ലേ; പാപം! ഒരു പൈപോലും കക്കാത്തവനെപ്പോലെ നില്ക്കുന്നതു കണ്ടോ; ഇതു് കണ്ടോ; ഇതൊന്നു് വായിക്കെടാ. നീ നിന്റെ സ്വത്തു് വിറ്റു് ശപിക്കപ്പെട്ട പിച്ചക്കാരെ തീറ്റിപ്പോറ്റുകയാണോടാ. പട്ടണത്തിലുള്ളവരെല്ലാം നീ കാരണം എന്നെ പുച്ഛിക്കുന്നു. "എവിടെയാ, പീറ്റർ, നിന്റെ കിറുക്കൻ സന്തതി?" എന്നു് ചോദിച്ചു് അവർ കൈകൊട്ടി ചിരിക്കുന്നു. നിന്നെ ഞാൻ കോടതിയിൽ കയറ്റും; തല്ലിക്കൊല്ലും. (ചാട്ടകൊണ്ടു് തല്ലുന്നു)

ഫ്രാൻസീസ്: (ശാന്തസ്വരത്തിൽ) ഞാൻ അങ്ങയിൽനിന്നു യാതൊന്നും കട്ടെടുത്തിട്ടില്ല. കോടതിയിൽ ഞാൻ ഹാജരാകുകയില്ല; ഞാൻ പള്ളിയുടേതാണു്.

പീറ്റർ: (ദ്വേഷ്യത്തോടെ) നശിച്ച സന്തതി! എന്നാൽ വരൂ! മെത്രാന്റെ അടുക്കലേക്കു്.

ഫ്രാൻസീസ്: അതു ന്യായമാണു്. സഭയെ സേവിക്കുന്നവരെ വിധിക്കുവാനുള്ള അധികാരം അഭിവന്ദ്യ മെത്രാനച്ചൻ തിരുമേനിക്കാണു്.

പീററർ: എന്നാൽ വേഗം! (ഫ്രാൻസീസ് മുമ്പിൽ പോകുന്നു.) അവനെ ഞാൻ നേരെയാക്കും; അവൻെറ കിറുക്കെല്ലാം ഞാൻ അടിച്ചിറക്കും. അവൻെറ....അവൻെറ....(ദ്വേഷ്യത്തോടെ) അവൻെറ....എല്ലു് (കിതച്ചുകൊണ്ടു്) ഞാൻ ഞാൻ....സൂപ്പാക്കും.

ആഞ്ചലോ: (വീപ്പയുടെ പിന്നിൽ നിന്നു്) ഹി....ഹി....ഹി പീററർ; ഹൂ, ഹൂ, ഹൂ, ഹൂ,....പീററർ.

പീററർ: (പകയ്ക്കുന്നു) ആരതു്? ആരാണ് സംസാരിക്കുന്നതു്? സിമിത്തേരിയിൽ നിന്നു് വല്ല ചെകുത്താനും: (വിറയ്ക്കുന്നു)

ആഞ്ചലോ: (മൂടിപ്പുതച്ചു് ചാടുന്നു; പീററർ ഓടുന്നു) ഔ! (ചിരിക്കുന്നു) ഞാനൊന്നു ചിരിക്കട്ടെ. ഹി ഹി ഹി; ഹൂ ഹൂ ഹൂ; ഹ ഹ ഹ....

(കർട്ടൻ)

## രംഗം രണ്ട്

[മെത്രാസന കച്ചേരി. മെത്രാൻ. സിക്രട്ടറി. നോട്ടറി.]

നോട്ടറി: ഇന്നു് പീററർ ബർണാർഡോൺ തൻെറ മകനെതിരായി ഫയൽ ചെയ്തിട്ടുള്ള കേസാണ്, തിരുമേനി.

മെത്രാൻ: ദരിദ്രരുടെ ഇടയിൽ താമസമാക്കിയിരിക്കുന്നുവെന്നു് പറയുന്നതു് പീററർ ബർണാർഡോണിൻെറ മകനെപ്പററിയാണോ?

സിക്രട്ടറി: അതെ, തിരുമേനി. ഫ്രാൻസീസ് എന്നാണ് ആ കുട്ടിയുടെ പേരു്. ഒരു പള്ളിപ്പണിയ്ക്കുവേണ്ടി അവൻ കുറെ അധികം പണം ഇടവക വൈദികനെ ഏല്പിച്ചിരുന്നു. അതു് അവനു് എങ്ങനെ കിട്ടിയെന്നു് നിശ്ചയമില്ലാതിരുന്നതിനാൽ, ആ വൈദികൻ ആ പണം ഇവിടെ ഏല്പിച്ചിരിക്കയാണ്.

നോട്ടറി: ആ പണം പീറററിൻേറതാണ്. അതു് തിരിച്ചുകിട്ടുവാനാണ് അയാൾ ആവശ്യപ്പെട്ടിരിക്കുന്നതു്.

വേലക്കാരൻ: (പ്രവേശിച്ച്) തിരുമേനീ, ഫ്രാൻസീസ് എന്നു് പേരുള്ള ഒരു ചെറുപ്പക്കാരൻ പുറത്തു് കാത്തുനില്ക്കുന്നു.

മെത്രാൻ: വരാൻ പറയു.

വേലക്കാരൻ: പീററർ മുതലാളിയും താഴെ കാത്തുനില്ക്കുന്നുണ്ട്.

മെത്രാൻ: അയാളും വരട്ടെ! (വേലക്കാരൻ പോകുന്നു.)

മെത്രാൻ: ഇത്തരത്തിലുള്ള ഒരു കേസ് ഇവിടെ ആദ്യമായിട്ടാണ് കൊണ്ടുവന്നിരിക്കുന്നതു്.

(ഫ്റാൻസീസ് പ്രവേശിക്കുന്നു; മുട്ടുകുത്തി ആശീർവ്വാദം വാങ്ങുന്നു. പീററർ പ്രവേശിച്ച് മുട്ടുകുത്തുന്നു; മെത്രാൻ മോതിരം മുത്തിക്കുന്നു )

മെത്രാൻ: (നോട്ടറിയോട്) എന്താണ് ഫ്റാൻസീസിനെതിരായ കുററാരോപണം

നോട്ടറി: (വായിക്കുന്നു ) ഫ്റാൻസീസ് അനുസരണവും നന്ദിയുമില്ലാത്ത ഒരു മകനാണെന്നും; അവൻ, തന്നെ അസ്സീസിയിലെ ഒരു പരിഹാസപാത്രമാക്കിയിരിക്കുന്നുവെന്നും; അവൻ, തൻേറതായ സാമഗ്രികൾ വിററുകിട്ടിയ പണം മുഴുവൻ കട്ടെടുത്തിരിക്കുന്നുവെന്നും; അതുകൊണ്ട് ആ പണം മുഴുവൻ തനിക്ക് മടക്കികിട്ടണമെന്നും പീററർ ബർണാർഡോൺ അരമന കച്ചേരി മുമ്പാകെ ആവശ്യപ്പെടുന്നു.

മെത്രാൻ: വായിച്ചുകേട്ടതായ ഈ ആരോപണങ്ങളല്ലെ നിങ്ങളുടെ പുത്രനെതിരായി നിങ്ങൾ കൊണ്ടുവന്നിട്ടുള്ളത്?

പീററർ: അതേ, തിരുമേനി.

മെത്രാൻ: ഈ മകൻ എടുത്തിട്ടുള്ള പണം തിരിച്ചു തന്നാൽ നിങ്ങൾക്കു തൃപ്തിയാകുമോ?

പീററർ: വേറെ യാതൊന്നും എനിക്കു വേണ്ട. എൻെറ....എൻെറ പണം തിരിച്ചുകിട്ടിയാൽ മതി. അവൻ ദുഷ്ടനാണ്, തിരുമേനി. ദരിദ്രരുടേയും രോഗികളുടേയും ഇടയിൽ ജീവിക്കുന്നതിനു നാണമില്ലല്ലൊ. ഞാൻ അവനെ സ്നേഹിച്ചു; അവനെ ഓമനിച്ചു. എന്നിട്ടാണ് അവൻ എന്നെ വഷളാക്കിയിരിക്കുന്നത്. എനിക്ക് കണ്ണുതുറന്നു നടക്കാൻ വയ്യാ.

മെത്രാൻ: പീററർ, ദരിദ്രരെ സ്നേഹിക്കുന്നതു തെററാണോ?

പീററർ: തിരുമേനി, അവൻ സ്നേഹിച്ചുകൊള്ളട്ടെ. വേണമെങ്കിൽ ഒന്നോ, രണ്ടോ നാണയത്തുട്ടുകൾ അവർക്ക് കൊടുത്തുകൊള്ളട്ടെ. പക്ഷെ....എന്തിനു് അവൻ അവരുടെ കൂടെ ജീവിക്കുന്നു, ഈ വൃത്തികെട്ട ജന്തുക്കളുടെ കൂടെ? കുഷ്ഠരോഗികളുടെ വ്രണങ്ങൾ എന്തിനാണ് പീററർ ബർണാർഡോണിൻെറ പുത്രൻ വെച്ചുകെട്ടുന്നതു്? (ദേഷ്യത്തോടെ) അങ്ങാടിയിലെ തെണ്ടിപ്പിള്ളേർ അവനെ കല്ലെറിയുന്നു; അവൻെറ മുഖത്തു ചെളി വാരിയെറിയുന്നു. എനിക്ക് നാണമാകില്ലേ? (പരവശനാകുന്നു.)

മെത്രാൻ: മനസ്സിലായി, പീററർ! എല്ലാം മനസ്സിലായി. നിങ്ങൾക്ക് നാണമാകും; നിങ്ങളുടെ പണം നഷ്ടമാകും; നിങ്ങൾ കെട്ടിയുയർത്തിയ ആകാശക്കോട്ടകൾ തകരും; നിങ്ങളുടെ നഷ്ടത്തെ ഓർത്തു് നിങ്ങൾ കരയുന്നു. ഫ്റാൻസീസിൻെറ ജീവനേക്കാൾ കൂടുതൽ നിങ്ങൾ പണത്തേയും നിങ്ങളുടെ സൽപേരിനേയും ആശിക്കുന്നു. (ഫ്രാൻസീസിനോട്) ഫ്രാൻസീസ്, നിനക്ക് എന്തെങ്കിലും പറയാനുണ്ടോ?

ഫ്രാൻസീസ്: അവിടുന്നു് കല്പിക്കുന്നതുപോലെ എല്ലാം ചെയ്യാം

മെത്രാൻ: നിൻെറ പിതാവിൻെറ പണം തിരിച്ചേല്പിക്കുക. നല്ലമനസ്സോടെ ദാനം ചെയ്യപ്പെടാത്ത പണം ദൈവത്തിനു് ഒരു ആലയം പണിയുവാൻ ഉപയോഗിക്കരുതു്.

(സിക്രട്ടറി പണസഞ്ചി ഫ്റാൻസീസിനെ ഏല്പിക്കുന്നു.)

ഫ്റാൻസീസ്: (പണസഞ്ചി പീററിൻെറ മുമ്പിൽ വെച്ചുകൊണ്ടു് ഇതാ അങ്ങയുടെ പണം. ഈ വസ്ത്രവും അങ്ങയുടേതാണ്. (സിൽക്കുവസ്ത്രം ഊരിയെടുത്തുകൊണ്ടു് പീററിൻെറ കാൽക്കൽവെയ്ക്കുന്നു. അടിയിൽ ചാക്കുവസ്ത്രമാണ്.

ഫ്റാൻസീസ് പിന്നിലേക്ക് നീങ്ങിനിന്നു് സാവധാനത്തിൽ)
എൻെറ ആത്മാവ് ഈശോയുടെ ദാരിദ്ര്യം അനുഭവിച്ചറിയുവാൻ ആശിച്ചു. ഇപ്പോഠം എനിക്കതു് കൈവന്നിരിക്കുന്നു. ക്രിസ്തുവിൻെറ ദരിദ്രരിൽനിന്നു് എന്നെ അകററി നിറുത്തിയിരുന്ന സകല പ്രതിബന്ധങ്ങളും ഇപ്പോഠം തകന്നു് വീണിരിക്കുന്നു.

പീററർ: അവനു് കിറുക്കാണ്; കിറുക്ക്.

ഫ്റാൻസീസ്: ഇല്ല; എനിക്ക് കിറുക്കില്ല. ഈശോയെ അനുകരിക്കുവാനുള്ള സുബുദ്ധി എനിക്കുണ്ട്. ഒരുവൻ തൻെറ അപ്പനേയോ അമ്മയേയോ ഈശോയേക്കാഠം കൂടുതൽ സ്നേഹിക്കുന്നുവെങ്കിൽ, അവൻ ആ നാഥനു് അയോഗ്യനാണ്. ഇതുവരെയും പീററർ ബർണാർഡോണിനെ പിതാവെ എന്നു ഞാൻ വിളിച്ചു. ഇപ്പോഠം ഞാൻ സ്വതന്ത്രനായിരിക്കുന്നു. എൻെറ പിതാവു് ഇനി പരിപൂർണ്ണമായും ദൈവമാണ്: (മുട്ടുകുത്തുന്നു) "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...." (തലകുനിക്കുന്നു)

(മെത്രാൻ എഴുന്നേററ് തൻെറ മേലങ്കി ഫ്റാൻസീസിൻെറ തോളിലിടുന്നു. പീററർ പണസഞ്ചിയും സിൽക്കുടുപ്പുമെടുത്തു് പോകുന്നു.)

മെത്രാൻ: എൻെറ ഏററവും വത്സലമകനേ, കത്താവിൻെറ അനുഗ്രഹം നിൻെറമേൽ ആവസിച്ചിരിക്കുന്നു. നിന്നിൽ അവിടുന്നു് ആരംഭിച്ചിരിക്കുന്ന പണി അവിടുന്നു് തന്നെ പൂർത്തിയാക്കട്ടെ.

(സിക്രട്ടറി ഒരു തവിട്ടുനിറത്തിലുള്ള അങ്കി കൊണ്ടുവരുന്നു.)

സിക്രട്ടറി: ഫ്റാൻസീസിനെ ഈ ചാക്കുവസ്ത്രത്തിൽ പുറത്തേ

19823

ഷ്ടം അയയ്ക്കുന്നതു് വൃത്തികേടാണ്. അതുകൊണ്ട് ഈ വസ്ത്രം ഞാൻ കൊണ്ടുവന്നിരിക്കുന്നു. ഇതു് ദാരിദ്ര്യം ഇഷ്ടപ്പെടുന്ന ഫ്റാൻസീസിനു് പററിയ വസ്ത്രമാണു്.

(മെത്രാൻ സിംഹാസനത്തിലിരിക്കുന്നു. ഫ്റാൻസീസ് മുട്ടുകുത്തുന്നു. പുതിയ തവിട്ടുവസ്ത്രം ഫ്റാൻസീസിനെ ധരിപ്പിക്കുന്നു. വസ്ത്രത്തിനു മുകളിൽ ഒരു ചരടു് കെട്ടുന്നു.)

മെത്രാൻ: ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. (ആശീർവ്വദിക്കുന്നു. പോകുന്നു)

ഫ്റാൻസീസ്: (മുട്ടിന്മേൽനിന്നു് സാവധാനത്തിൽ പാടുന്നു.)

[എത്ര നല്ലീശനാഥാ....]

നന്മ നിറഞ്ഞവളേ,
നാഥൻ നിന്നോടുകൂടെ
മാനിനി മാരിൽ ധന്യേ
കന്യകേ; നിർമ്മലാംഗി!
ഈശോയെ സ്നേഹിക്കുവാൻ
ദാരിദ്ര്യത്തിൽ ജീവിപ്പാൻ,
ശക്തിയേകണേ, അമ്മേ
ദേവമാതാവേ, മേരി!

(കർട്ടൻ)

## രംഗം മൂന്നു്

(കടൽത്തീരം. സൂര്യാസ്തമനം. ഫ്രാൻസീസും അനുയായികളും തവിട്ടുവസ്ത്രത്തിൽ)

ബർണാർഡ്: വന്ദ്യ പിതാവേ, ഞാൻ ഒരു രഹസ്യം പറയുകയാണ്. ഒരു രാത്രിയിൽ ഞാൻ ഉറങ്ങാതെ പിതാവ് എന്തു ചെയ്യുന്നുവെന്നു സൂക്ഷിച്ചുകൊണ്ടിരുന്നു. അങ്ങുന്ന് രാത്രി മുഴുവനും "എന്റെ ദൈവം എന്റെ സർവ്വസ്വം" എന്നു് പറഞ്ഞു് ഉറങ്ങാതിരുന്നതു് ഞാൻ കണ്ടു.

ഫ്രാൻസീസ്: ഇനി അങ്ങനെ ചെയ്യരുതു്. സഹോദരന് ഉറക്കം ആവശ്യമുണ്ടു്. ഹാ! ദൈവം!! അവിടുന്നാണ് ഈ പ്രപഞ്ചത്തെയും അതിലുള്ള എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചതു്. ആ സ്രഷ്ടാവുതന്നെ നമ്മുടേതായാൽ പിന്നെ യാതൊന്നിനോടും നമുക്കു് പ്രത്യേകം പക്ഷം തോന്നുകയില്ല.

പീററർ: ഞാൻ ഇവിടെ വന്നപ്പോൾ അങ്ങുന്ന് എന്നോടു് പറഞ്ഞില്ലേ "സുവിശേഷം തുറന്നു് നോക്കുക" എന്നു്? ഞാൻ തുറന്നപ്പോൾ കണ്ടതു്: "ആരെങ്കിലും എന്റെ പിന്നാലെ വരുന്നുവെങ്കിൽ, അവൻ തന്നെത്താൻ പരിത്യജിച്ചു് തന്റെ കുരിശുമെടുത്തു്, എന്നെ അനുഗമിക്കുക" എന്നാണു്. ഹാ! എന്തൊരു അർത്ഥസമ്പുഷ്ടമായ വാക്യം!!

ഫ്രാൻസീസ്: ഇന്നു് കുർബ്ബാനയിൽ പുരോഹിതൻ വായിച്ച സുവിശേഷം എന്നെ വല്ലാതെ സ്പർശിച്ചു "സ്വർണ്ണമോ

വെള്ളിയോ, മടിശ്ശീലകളിൽ പണമോ സൂക്ഷിച്ചു വെയ്ക്കരുതു്. എന്തുകൊണ്ടെന്നാൽ വേലക്കാരൻ ഭക്ഷണത്തിന്നു് അർഹനാകുന്നു''. പ്രിയപ്പെട്ട സഹോദരന്മാരെ, യാതൊന്നും നാം സമ്പാദിച്ചു വെയ്ക്കരുതു്. ദൈവത്തിൽ ആശ്രയിക്കുക; ദരിദ്രരായി ജീവിക്കുക അതാണു് നമ്മുടെ നിയമം.

(ലിയോയും ജൈൽസ്സും പ്രവേശിക്കുന്നു.)

ലിയോ: ദൈവം ഞങ്ങളെ സമൃദ്ധിയായി അനുഗ്രഹിച്ചു. ഞങ്ങൾ നന്മനസ്സുള്ള അനവധി ആളുകളോടു് പ്രസംഗിച്ചു. വളരെയധികം സ്ത്രീപുരുഷന്മാർ പാപപ്പൊറുതിക്കായി പള്ളിയിലേക്കു് പോയി.

ഫ്രാൻസീസ്: ദൈവം ഇനിയും നിങ്ങളുടെ വേലയെ അനുഗ്രഹിക്കട്ടെ.

ലിയോ: വളരെ യുവാക്കന്മാർ നമ്മോടുകൂടെ ദാരിദ്ര്യത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നു.

ഫ്രാൻസീസ്: കിടക്കുവാൻ സ്ഥലമില്ലാതെ ദരിദ്രനായി ജീവിച്ചു നഗ്നനായി മരിച്ച ഈശോയെപ്പോലെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവരെ നമുക്കു് സ്വീകരിക്കാം.

ലിയോ: ഈ സഹോദരൻ ബർണാഡും സഹോദരൻ പീററും അവർക്കുണ്ടായിരുന്ന സ്വത്തെല്ലാം ഉപേക്ഷിച്ചതുപോലെ ഇനിയും ധാരാളം ധനികർ ചെയ്യുന്നതിന്നു് തയ്യാറാണു്.

ജൈൽസ്സ്: ഹാ! കണ്ടോ സൂര്യാസ്തമനം; എന്തൊരു ഭംഗി!
(മഞ്ഞയും ചുവപ്പും കലർന്ന സൂര്യകിരണങ്ങൾ ഫ്‌റാൻസീസിൻേറയും കൂട്ടരുടേയും ദേഹത്തിൽ പതിക്കുന്നു.)

ഫ്‌റാൻസീസ്: ഹാ! എത്ര മനോഹരമായിരിക്കുന്നു ആകാശം! സ്വർഗ്ഗസ്ഥനായ പിതാവു് നമ്മെ ആനന്ദിപ്പിക്കുന്നു. സഹോദരനായ സൂര്യൻ സ്വർഗ്ഗീയമായ ഒരാനുഭൂതി നമ്മുടെ

സിതകളിൽ പരത്തുന്നു. സഹോദരനായ സൂര്യനെ സൃഷ്ടിച്ച ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. നോക്കുക; എത്രയെത്ര നിറങ്ങളാണ് ഈ സഹോദരൻ പുറപ്പെടുവിക്കുന്നത്. പല നിറങ്ങൾ. സൂര്യപ്രകാശം കുറഞ്ഞ് കുറഞ്ഞ് പെട്ടെന്ന് അസ്തമിക്കുന്നു. (സൂചന: നിറവ്യത്യാസങ്ങൾ വൈദ്യുതദീപങ്ങൾ കൊണ്ട് ശരിപ്പെടുത്താം. പ്രകാശം കൂട്ടുന്നതിനും കുറയ്ക്കുന്നതിനും ചെറിയ ഒരു റെഗുലേറ്റർ ഉണ്ടായാൽ മതി )

ഫ്രാൻസീസ്: സൂര്യൻ അസ്തമിച്ചു ഇതുപോലെ എത്ര സൌന്ദര്യമുള്ള ജീവിതവും അവസാനിക്കും. ദൈവത്തിനുവേണ്ടി പ്രയത്നിച്ചവൻെറ ജീവിതം എന്നെന്നും മനോഹരമായി നിലനില്ക്കും:

ബർണാർഡ്: എനിക്ക് അവാച്യമായ ആനന്ദം തോന്നുന്നു എനിക്കുണ്ടായിരുന്ന വമ്പിച്ച സ്വത്ത് ഇഷ്ടാനുസരണം വിനിയോഗിച്ചിരുന്നപ്പോൾപോലും എനിക്കു ഇത്രയധികം സമാധാനവും ആനന്ദവും ഉണ്ടായിരുന്നില്ല.

പീറ്റർ: എനിക്കും അതുതന്നെയാണ് പറയുവാനുള്ളത്.

ഫ്രാൻസീസ്: ആരെങ്കിലും കർത്താവിനുവേണ്ടി സ്വന്തം വീട്ടിനേയും മാതാപിതാക്കന്മാരേയും സഹോദരീസഹോദരന്മാരേയും ഉപേക്ഷിക്കുന്നുവെങ്കിൽ, അവനു് ഈ ലോകത്തിൽ വെച്ചുതന്നെ നൂറിരട്ടി പ്രതിഫലവും സ്വർഗ്ഗത്തിൽ നിത്യസമ്മാനവും ദിവ്യരക്ഷകൻ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഇനി ഈ ഏകാന്തതയിൽ നമുക്കു് കുറച്ചുനേരം പ്രാർത്ഥിക്കാം.

(എല്ലാവരും മുട്ടുകുത്തുന്നു)

(അഭപാനിക്കുന്നവർക്കും........പോലെ)

സ്വർഗ്ഗത്തിൽ വാണിടുന്ന
സ്നേഹമേറം പിതാവെ,
നിൻനാമമെന്നു മെന്നും
പാവനമായീടട്ടെ.

നിൻ രാജ്യമെങ്ങുമെങ്ങും
വേഗം പരന്നീടട്ടെ
നിൻ മനം വിണ്ണിലേപ്പോൽ
മന്നിലുമായീടട്ടെ.

ഞങ്ങൾക്കേകിടണമെ
“അന്നന്നേയപ്പ”മിന്നും
ഞങ്ങൾ ക്ഷമിക്കുംപോലെ
ഞങ്ങളോട്ടും ക്ഷമിക്ക.

വീഴാതെ പരീക്ഷയിൽ
പാലിക്കണെ, പിതാവേ,
തിന്മയിൽനിന്നുമെന്നും
കാത്തുസംരക്ഷിക്കണെ.

(കർട്ടൻ)

## രംഗം നാല്

(കർട്ടൻ ഉയരുമ്പോൾ:— ഇന്നസൻറ് മാർപ്പാപ്പാ, രണ്ട് സ്വിസ്ഗാർഡുകൾ; രണ്ട് കർദ്ദിനാളന്മാർ, ഒരു നോട്ടറി. സ്ഥലം: മാർപ്പാപ്പയുടെ ലാററൻ അരമന.)

മാർപ്പാപ്പാ: അസ്സീസിയിലെ മെത്രാൻ എവിടെ?

കർദ്ദിനാൾ ജോൺ: അദ്ദേഹം ഇവിടെ കാത്തുനിൽപുണ്ട്. (നോട്ടറിയോട്) പോയി, കൂട്ടിക്കൊണ്ടുവാ (നോട്ടറി പോകുന്നു)

വന്ദ്യ തിരുമേനി, അസ്സീസിയിലെ മെത്രാൻ ഫ്റാൻസീസിനെപ്പററി ഏററവും സ്നേഹത്തോടും ബഹുമാനത്തോടും കൂടിയാണ് സംസാരിക്കുന്നത്.

മററെ കർദ്ദിനാൾ: സാധുക്കളുടെ വേഷംകെട്ടി, ഈയിടെ കുറെ കപടവേഷക്കാർ ഇറങ്ങിപ്പുറപ്പെട്ടിട്ടുണ്ട്. സൂക്ഷിച്ചില്ലെങ്കിൽ, ഇവർ നല്ലവരെ വഴിതെററിക്കും. പാവപ്പെട്ടവരുടെ വേഷം കെട്ടിയതുകൊണ്ടൊന്നും സാക്ഷാൽ ദാരിദ്ര്യത്തിൻെറ അരൂപി ആവുകയില്ലല്ലൊ

(അസ്സീസിയിലെ മെത്രാൻ പ്രവേശിക്കുന്നു. മാർപ്പാപ്പായുടെ മുമ്പിൽ മുട്ടുകുത്തി ആശീർവ്വാദം സ്വീകരിക്കുന്നു.)

മാർപ്പാപ്പ: വത്സലമകനെ, ഫ്റാൻസീസിനെപ്പററിയുള്ള അഭിപ്രായമെന്താണ്?.

മെത്രാൻ: വളരെ സുബോധത്തോടുകൂടി, സുവിശേഷത്തിലെ ദാരിദ്ര്യം അക്ഷരാർത്ഥം പരിശീലിക്കുന്ന ഒരു തീക്ഷ്ണതയുള്ള സന്യാസിയെന്ന് പറയാമെന്ന് തോന്നുന്നു. ദൈവം

**ഫ്റാൻസീസിൻെറ അരൂപിയെ സ്വീകരിക്കുന്നുവെന്നുള്ള
ലക്ഷണം, അദ്ദേഹത്തെ അനുകരിക്കുന്നവർ പുണ്യത്തിൽ വ
ളരുന്നതും, അതിനും പുറമെ അവരെല്ലാവരും അധികാരിക
ളോട്ട് ഏററവും അനുസരണയുള്ളവരാണെന്നതുമാണ്.**

കർദ്ദിനാൾ ജോൺ: അനുസരിക്കുന്നവർക്ക് തെററുപററുകയില്ല.

മററു കർദ്ദി: അതൊക്കെ ശരി; പക്ഷേ, ഇന്നത്തെ അരൂപി എന്നും
നിലനില്ക്കണമെന്നില്ലല്ലോ. ആരംഭത്തിൽ എല്ലാം സഹിക്കു
ന്നതിനും ഉത്സാഹം കാണിച്ചേക്കാം. എന്നാൽ ആദ്യത്തെ
ആ ഉത്സാഹം പെട്ടെന്ന് തണുത്താറുന്നതായിട്ടാണ്
അനുഭവം.

മാർപ്പാപ്പ: ഫ്റാൻസീസ് വരട്ടെ (നോട്ടറി ഫ്റാൻസീസി
നെ കൊണ്ടുവരാൻ പോകുന്നു)

മെത്രാൻ: ഏററവും വന്ദ്യ പിതാവേ, ഇന്നുള്ള മനഃസ്ഥിതി എ
ന്നും നിലനിർത്തുന്നതിന് ദൈവാനുഗ്രഹത്തിന് സാധിക്കു
മെന്നാണ് എൻെറ വിനീതാഭിപ്രായം (ഫ്റാൻസീസ്
പ്രവേശിക്കുന്നു. മുട്ടുകുത്തുന്നു. മാർപ്പാപ്പ ആശീർവ്വദിക്കുന്നു)

മാർപ്പാപ്പ: (പെട്ടെന്ന് പകയ്ക്കുന്നു. എല്ലാവരും എഴുന്നേല്ക്കുന്നു)
എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരിക്കുക നാം എല്ലാം വി
വരിച്ചു പറയാം. ഈ മനുഷ്യനെ ഇതിനുമുമ്പ് നാം ഒരു
സ്വപ്നത്തിൽ കാണുകയുണ്ടായി ലാററൻ പള്ളി അടിയോ
ടെ മറിഞ്ഞുവീഴുന്നതായി കണ്ടു. ഉടനെ ഈ മനുഷ്യനും;
കൂടെ വെള്ളവസ്ത്രം ധരിച്ച മറെറാരു മനുഷ്യനും അവിടെ
പ്രത്യക്ഷപ്പെടുകയും രാക്ഷസന്മാരെപ്പോലെ വളർന്ന്, അവ
രുടെ കരങ്ങളിൽ പള്ളിയെ താങ്ങുകയും ചെയ്തു.

കർദ്ദിനാൾ ജോൺ:- തീർച്ചയായും ദൈവത്തിൻെറ അനുഗ്രഹം
ഫ്റാൻസീസിനുണ്ട്.

മാർപ്പാപ്പ: ഫ്റാൻസീസ് ഈ 'നിയമസംഹിത' പ്രാർത്ഥനയ്ക്കു
ശേഷമാണോ എഴുതിയത്?

ഫ്രാൻ: അതെ, ഏററവും വന്ദ്യ പിതാവെ ഈ "നിയമസംഹിത" അങ്ങയുടെ പരിശോധനയിൽ കുററമുള്ളതായി കണ്ടാൽ ആ കുററങ്ങൾ തിരുത്തുന്നതിനുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിച്ചിട്ടുണ്ട്. ദൈവത്തിനിഷ്ടമുള്ളതു് മാത്രം ഞങ്ങൾക്കു മതി ദൈവേഷ്ടം അധികാരികൾ വഴി അറിയിക്കുന്നതിനാണ് ഞങ്ങൾ ഇപ്പോഴും പ്രാർത്ഥിക്കുന്നതു്.

മാർപ്പാപ്പ: മകനെ, ദൈവത്തിൻെറ പ്രസാദനം നിൻെറ വാക്കുകളിൽ നാം ദർശിക്കുന്നു. നിങ്ങളുടെ നിയമങ്ങൾ എവിടെ? (ബ്രദർ മാസ്സെയോ 'നിയമാവലി'യുമായി മുന്നോട്ടുവരുന്നു.) ബ്രദർ നിയമങ്ങൾ വായിക്കുക.

മാസ്സെയോ: പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമേൻ. (എല്ലാവരും കുരിശിൻെറ അടയാളം വരയ്ക്കുന്നു.) സഹോദരന്മാരുടെ നിയമവും ജീവിതരീതിയും താഴെ പറയുന്നതാണ്: എല്ലാവരും അനുസരണത്തിലും ബ്രഹ്മചര്യത്തിലും വസ്തുവകകൾ കൂടാതെയും ജീവിക്കുക; കർത്താവിൻെറ വാക്കുകൾക്കനുസൃതമായി എല്ലാം പരിത്യജിച്ച് ദൈവത്തിൽ മാത്രം ആശ്രയിച്ച് ജീവിക്കുക; ദാരിദ്ര്യത്തിൽ ജീവിക്കുക എല്ലാ സഹോദരന്മാരും പരിശുദ്ധ സഭയുടെ വിശ്വസ്തരായ സന്താനങ്ങളായിരിക്കുക. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. (എല്ലാവരും കുരിശിൻെറ അടയാളം വരയ്ക്കുന്നു) ആമേൻ (നിയമാവലി മാർപ്പാപ്പയെ ഏല്പിക്കുന്നു.)

മാർപ്പാപ്പ: നിങ്ങളുടെ ആഗ്രഹങ്ങൾ നല്ലവയാണ്. സ്വാർത്ഥപരമായ ഉദ്ദേശങ്ങൾ അവയിൽ കാണുന്നില്ല. ഫ്രാൻസീസ്, മകനെ, ശരീരം ബലഹീനമാണ്. ദൈവസ്നേഹം തണുത്തെന്നു് വരാം. നിങ്ങളുടെ ഇപ്പോഴത്തെ ഉത്സാഹവും ദാരിദ്ര്യത്തോടുള്ള സ്നേഹവും നശിച്ചെന്നുവരാം. പുതിയ

സന്യാസസഭകളുടെ ആരംഭത്തിലുള്ള തീക്ഷ്ണത കുറെ കഴിയുമ്പോൾ കാണാറില്ല. സ്വന്തം കാര്യങ്ങൾക്കനുയോജ്യമായ രീതിയിൽ നിയമങ്ങൾ വലിച്ചുനീട്ടുന്നതിനുപോലും പിൽക്കാലങ്ങളിൽ മടിക്കാറില്ല. ഇന്നത്തെ ഈ ദാരിദ്ര്യത്തിന്റെ യഥാർത്ഥമായ അരൂപി എന്നെന്നും നിങ്ങളുടെ സഭയിൽ നിലനില്ക്കുമെന്നുള്ളതിന് എന്താണുറപ്പ്?

ഫ്രാൻ: ഞങ്ങൾ ക്രിസ്തുനാഥനിൽ ആശ്രയിക്കുന്നു. ഞങ്ങളുടെ ശക്തിയാൽ യാതൊന്നും ചെയ്യുന്നതിന് സാദ്ധ്യമല്ലെന്ന് ഞങ്ങൾക്കറിയാം. എന്നാൽ ദൈവത്തിന് അസാദ്ധ്യമായിട്ടൊന്നുമില്ലല്ലൊ.

മാർപ്പാപ്പ: (കർദ്ദിനാളന്മാരോട്): ഈ മനുഷ്യൻ ബുദ്ധിയുള്ളവനും, ആത്മാർത്ഥതയുള്ളവനും നല്ലവനുമാണെന്നു നമുക്കു ബോദ്ധ്യമായിരിക്കുന്നു. ശക്തിമാന്മാരെ ലജ്ജിപ്പിക്കുവാൻ ദൈവം ബലഹീനന്മാരെ തെരഞ്ഞെടുക്കുകയാണ് (എല്ലാവരും എഴുന്നേൽക്കുന്നു. സഹോദരന്മാർ മുട്ടുകുത്തുന്നു) വത്സല മക്കളെ, നിങ്ങൾ സമാധാനത്തിൽ പോകുക; ദൈവത്തിന്റെ ജോലിചെയ്യുക. നിങ്ങൾ, നിങ്ങളുടെ യഥാർത്ഥമായ ദൈവവിളിക്കനുസൃതമായി പ്രവൃത്തിക്കുമെങ്കിൽ, ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കും. (എല്ലാവരേയും അനുഗ്രഹിക്കുന്നു)

Benedicat Vos Omnipotens Deus, † Pater et † Filius et † Spiritus Sanctus.

എല്ലാവരും: ആമേൻ

(കർട്ടൻ)

## രംഗം. അഞ്ച്

(ചെറിയൊരു മലയിൽ ഫ്രാൻസിസ് ധ്യാനനിമഗ്നനായി നില്ക്കുന്നു)

ഫ്രാൻസീസ്: (യേശുനേ ശിക്കിറാർ എ. മ.)

1 ഈശോ സ്നേഹിക്കുന്നു, ഈശോ സ്നേഹിക്കുന്നു
സ്നേഹഹീനനാമെന്നെയു മെന്നു മെന്നും
ഈശോ സ്നേഹിക്കുന്നു.

2 ലോകസുതരുടെ സ്നേഹം യാചിക്കുവാൻ,
നാകനായകൻ, സ്വർഗ്ഗത്തിൽ നിന്നുവന്നെൻ
സ്നേഹം ചോദിക്കുവാൻ

3 വാഴാനെന്നാത്മത്തിൽ. കാരുണ്യം പൊഴിക്കാൻ
കുരിശിൽ സജീവൻ ഹോമിച്ച ദിവ്യസൂനു,
ഈശോ സ്നേഹിക്കുന്നു.

4 വരിക വേഗമെന്നിൽ, വരികവേഗമെന്നിൽ
ക്രിസ്തു നായകാ, ലോകൈക സ്നേഹരാജാ
വരിക വേഗമെന്നിൽ.

(യേശുനാഥൻ പ്രത്യക്ഷപ്പെടുന്നു)

[ഫ്രാൻസീസിന്റെ ഇരുകരങ്ങളിലേക്കും, പാദങ്ങളിലേക്കും, ഹൃത്തടത്തിലേക്കും കുരിശിൽനിന്നു് പ്രകാശം പതിക്കുന്നു. വിശുദ്ധന്റെ ശരീരത്തിൽ അഞ്ചു മുറിവുകളും പ്രത്യക്ഷപ്പെടുന്നു]

ലിയോ (പ്രവേശിക്കുന്നു) ... പിതാവെ! (മുട്ടുകുത്തുന്നു)

ഫ്രാൻസീസ് പരവശനായി ലിയോയുടെ കരങ്ങളിലേക്കു് മറിയുന്നു

കർട്ടൻ

DHARMARAM BANGALORE
19823

## രംഗം ആറ്

ഫ്രാൻസീസിൻെറ അന്ത്യരംഗം.

(സഹോദരന്മാർ ചുററും നില്ക്കുന്നു)

ഫ്രാൻസീസ്: എല്ലാ സഹോദരന്മാരും എന്നെന്നും പരസ്പരം സ്നേഹിച്ച് ജീവിക്കണം ദാരിദ്ര്യം പാലിക്കുന്നതിനും, അധികാരികൾക്ക് വിധേയരായിരിക്കുന്നതിനും പ്രത്യേകമായി ശ്രദ്ധപതിപ്പിക്കണം. ഇവയാണ് എനിക്ക് നൽകാനുള്ള അന്ത്യസന്ദേശം.

ഞാൻ പോകയാണ്; ദൈവത്തെ കാണുവാൻ. അവിടുത്തെ അനുഗ്രഹം നിങ്ങളുടെമേൽ സമൃദ്ധിയായി ഉണ്ടാകട്ടെ.

(ലിയോയും ആഞ്ചലോയും സൂര്യകീർത്തനം ആലപിക്കുന്നു. അതിനുശേഷം 141-ാം സങ്കീർത്തനം വായിക്കുന്നു)

വി. ഫ്രാൻസീസ് കുരിശിൽനോക്കി കണ്ണുകൾ അടക്കുന്നു.

(കർട്ടൻ)

# രംഗം ഏഴ്

(വി. ഫ്രാൻസീസിൻെറ ഛായാപടവുമേന്തികൊണ്ട്, ഫ്രാൻസീസ്കൻ സന്യാസികൾ പാടുന്നു മാർച്ച് ചെയ്യുന്നു.)

പതറിടാത്ത നമ്മൾ— പാലിക്കും വിശ്വാസം
പൈതൃകാവകാശം— സാഭിമാന മെപ്പോഴും
1 വാളു, തോക്കു, ബന്ധനം— നീളെ നീളെ മുട്ടനം
ആളിയെങ്കിലും ഹനിക്കാ— നായിടാത്ത വിശ്വാസം
2 വിജയശ്രീ വിലാസിതം— വാക്കിതു സുധാരസം
ഉൾക്കളം കുതുഹലാൽ— കുതിച്ചിട്ടും ശ്രവിച്ചിടിൽ
3 ബന്ദികൾ കാരാഗൃഹം— പൂണ്ടൊരന്നൽ താതന്മാർ
ധന്യർ, സഹന സമരമദ്ധ്യേ— നേടിയുള്ള വിശ്വാസം
4 തനയർ നമ്മൾക്കാവിധം— ഭാവിയാണ് വരികിലോ
മധുരമാണ് മരണമെന്നും— വെല്ലു, വെല്ലു വിശ്വാസം
5 കന്യകാംബ തന്നുടെ പ്രാർത്ഥനയാൽ നമ്മുടെ
ജന്മനാടും നിന്നിടും— അചഞ്ചലമീ വിശ്വാസം.
6 സത്യരശ്മി ളുകമേ— ദൈവമപ്പോൾ നമ്മളും
നിശ്ചയം സ്വതന്ത്രരാകും— വെല്ലു വെല്ലു വിശ്വാസം
7 ശത്രുമിത്ര ഭേദമോ— വർഗ്ഗവർണ്ണ ഭാവമോ
എത്തിടാത്ത സ്നേഹശക്തി— പാത്രമാണി വിശ്വാസം
8 സ്നേഹസൗമ്യ വാക്കിനാൽ— സുകൃതകർമ്മദീപ്തിയാൽ
വിശ്വമെങ്ങും നാം പരത്തും— വിജയലബ്ധി വിശ്വാസം

(ദിവ്യസ്തുതി ഗീതങ്ങളിൽ നിന്ന്)

(എല്ലാവരും കടന്നുപോകുമ്പോൾ കർട്ടൺ)

*End*

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00019823*
T62 AN87

★ ആന

എം. പി. പോൾ, എം. എ. വില: 87 ന.പ.

അസാമാന്യനായ ഒരു ചിന്തകനും ശക്തിമാനായ ഒരു ഗദ്യകാരനുമായ എം. പി. പോൾ, യുക്തിയുടെ മൂശയിൽ വാർത്തെടുത്ത ഒമ്പതു ലേഖനങ്ങളാണ് ഇതിലെ ഉള്ളടക്കം. ആസ്തിക്യ വിശ്വാസത്തെ മനുഷ്യമനസ്സിൽ അരക്കിട്ടുറപ്പിക്കുവാനാണ് പ്രശസ്തങ്ങളായ മനശ്ശക്തികളോടുകൂടിയ ഗ്രന്ഥകാരൻെറ പരിശ്രമം. അദ്ദേഹത്തിൻെറ വാദരീതി ലളിതവും അനുമാനം അനിഷേധ്യവുമാണെന്നു് ഈ പുസ്തകം ഒരാവൃത്തി വായിച്ചാൽ മനസ്സിലാകും. തത്വശാസ്ത്രപരമായ ഈ ഗ്രന്ഥം ചിന്തകന്മാർക്കും ദൈവശാസ്ത്ര പഠിതാക്കന്മാർക്കും പ്രത്യേകം പ്രയോജനകരമാണ്. ഈ അമൂല്യ ഗ്രന്ഥത്തിൻെറ ചുരുക്കം ചില കോപ്പികൾ മാത്രമെ ഞങ്ങളുടെ കൈവശമുള്ളു.

ആവശ്യപ്പെടുക:—

സിക്രട്ടറി, ബാലപ്രസിദ്ധീകരണം,
ഇരിഞ്ഞാലക്കുട.

# [illegible]

എ. ഡി. അന്തിക്കാട്

T62
A87

T62
An87

T62
An87